(ഡി) പാമോലിൻ ഇറക്കുമതി സംബന്ധിച്ച കേസ് കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കേസിന്റെ ഒന്നാം ഘട്ടം, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുമായി ബന്ധപ്പെട്ട ഒരു കേസ്, കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട 11 കേസുകൾ എന്നിവയിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) വിജിലൻസ് അന്വേഷണം/ കേസുമായി ബന്ധപ്പെട്ട ധാരാളം സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തുന്നതിനും, ബന്ധപ്പെട്ട റിക്കാർഡുകൾ കസ്റ്റഡിയിൽ എടുക്കുന്നതിനും, അവ പരിശോധിക്കുന്നതിനും സമയം ആവശ്യമായതിനാലാണ് ചില കേസുകളുടെ അന്വേഷണം പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നത്. പഴക്കമുള്ള കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുകയും, പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി യഥാസമയം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അഴിമതി അന്വേഷണ കാര്യത്തിൽ നേരിടുന്ന കാലതാമസത്തിന് പരിഹാരം കാണുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

1999-2000-ലെ പദ്ധതി ചെലവ്

15 (*15) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷം കേരളത്തിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പ്ലാൻ എത്ര രൂപയുടേതായിരുന്നു ;

(ബി) ഇതിൽ എത്രരൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി ചെലവ് കുറയുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) 2000-2001 വർഷത്തെ പദ്ധതിക്ക് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇത് കഴിഞ്ഞ വർഷത്തെ പദ്ധതിയെക്കാൾ എത്ര ശതമാനം കൂടുതലാണ്;

(എഫ്) ; ഈ വർഷത്തെ പദ്ധതിയുടെ തുക കുറയുവാൻ ഇടയായ സാഹചര്യംവ്യക്തമാക്കാമേ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 1999-2000 സാമ്പത്തിക വർഷത്തേക്ക് കേരളത്തിനു 3250 കോടി രൂപയുടെ പ്ലാനാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചത്. ഇത് 3017.45 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999-2000 വർഷത്തെ പദ്ധതിക്ക് മൊത്തം, താല്കാലിക കണക്കനുസരിച്ച്, 2946.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്ര നികുതികളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുമെന്ന് അറിയിച്ചിരുന്ന വിഹിതമായ 2117.19 കോടി രൂപ 1585.48 കോടി രൂപയായി കുറച്ചതുമൂലം പദ്ധതി നടത്തിപ്പിനു സമാഹരിക്കേണ്ടിയിരുന്ന തുകയിൽ മൊത്തം 531.71 കോടി രൂപയുടെ കുറവുണ്ടായതാണ് കാരണം. ഈ കമ്മി കുറെയേറെ നികത്തുന്നതിന് സംസ്ഥാനത്തിന്റെ സ്വന്തം വിഭവ സമാഹരണം വഴി സാധിച്ചതുകൊണ്ട് പദ്ധതി ചെലവ് ഗണ്യമായി കുറയാതെ നോക്കാൻ സാധിച്ചു.

(ഡി) 2000-2001 വർഷത്തേക്ക് 3535 കോടി രൂപ അടങ്കലുള്ള പദ്ധതി തത്വത്തിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചെങ്കിലും വ്യക്തമായ വിഭവ ലഭ്യത കണക്കിലെടുത്ത് 3317 കോടി രൂപയുടെ 'കോർ പ്ലാനും' ബാക്കി തുക വിഭവ സമാഹരണം ഉറപ്പു വരുന്ന സാഹചര്യത്തിൽ നടപ്പിലാക്കാവുന്നതാണെന്നും ധാരണയായി.

(ഇ) ഈ വർഷത്തെ പദ്ധതി അടങ്കലിൽ (3535 കോടി രൂപ), മുൻ വർഷത്തെ അടങ്കലിനെ (3250 കോടി രൂപ) അപേക്ഷിച്ച് 8.78 ശതമാനം വർദ്ധനവാണുണ്ടായിട്ടുള്ളത്. എന്നാൽ മുൻ വർഷത്തെ പുതുക്കിയ അടങ്കലിന്റെ (3017.45 കോടി രൂപ) അടിസ്ഥാനത്തിൽ കണക്കാക്കിയാൽ ഈ വർഷത്തെ മൊത്തം അടങ്കലിൽ 17.15 ശതമാനം വർദ്ധനയും കോർപ്ലാനിൽ 9.9 ശതമാനം വർദ്ധനയുമുണ്ട്.

(എഫ്) കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്താൽ ഈ വർഷത്തെ പദ്ധതിയിൽ കുറവു വന്നിട്ടില്ല.

വിനോദസഞ്ചാര മേഖലയുടെ വികസനം

16 (*16) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. എ. തോമസ് :
ശ്രീ. റ്റി. കെ. നൗഷാദ് :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി സ്വാകര്യ പങ്കാളിത്തത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പദ്ധതികളെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിനോദ സഞ്ചാര മേഖലയുടെ വികസനം ലക്ഷ്യമാക്കിയിട്ടുള്ള പ്രസ്തുത പദ്ധതികളുടെ ഇതുവരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly